


## സഹയാത്രികർ

■ അബൂഫിദൽ

# ഇസ്‌ലാമിക നൈതികത: *ചിന്ത*യുടെയും ഹോബ്സ്ബാമിന്റെയും കാഴ്ചപ്പാടിൽ

'**നീതിയുടെ** പക്ഷത്ത് എപ്പോഴും നിൽക്കുന്നവരും വിട്ടുവീഴ്ചയില്ലാത്ത നൈതികത പ്രകടിപ്പിക്കുന്നവരും അനീതിക്കെതിരായി നിരന്തരമായി പോരാടുന്നവരുമാണ് ഇസ്‌ലാമിക ജനത എന്നുപറയുമ്പോൾ മറ്റു മതരാഷ്ട്രീയക്കാർക്കില്ലാത്ത ഒരു സവിശേഷത ഇസ്‌ലാമിക രാഷ്ട്രീയത്തിന് ചാർത്തിക്കൊടുക്കാനാണ് ശ്രമിക്കുന്നത്. മതത്തെ ആസ്പദമാക്കിയുള്ള ഏത് രാഷ്ട്രീയത്തിന്റെയും നീതി മതപരമായ നീതിയാണ്. അവരെ നയിക്കുന്ന നീതിബോധം മതത്തിന്റെ നീതിബോധമാണ്. അവരുടെ അനീതിയെന്നത് മതത്തിനാൽ നിശ്ചയിക്കപ്പെടുന്ന അനീതിയാണ്. ഹിന്ദുത്വ രാഷ്ട്രീയവും ഇസ്‌ലാമിക രാഷ്ട്രീയവും ക്രൈസ്തവ രാഷ്ട്രീയവും ഇതിൽനിന്ന് മുക്തമല്ല. ഇസ്‌ലാമിക രാഷ്ട്രീയത്തെക്കുറിച്ചുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ ഈ അവകാശവാദത്തെ കൂടുതൽ വികസിപ്പിച്ച് മുസ്‌ലിംകൾ സ്വതവേ സാമ്രാജ്യത്വ വിരോധികളാണ് എന്നു വരെ പ്രചരിപ്പിക്കുവാൻ ചിലർ ശ്രമിച്ചിട്ടുണ്ട്. ഇസ്‌ലാമിക രാഷ്ട്രീയം പൊതുവിൽ പറഞ്ഞാൽ ഇപ്പോൾ സാമ്രാജ്യത്വത്തിനെതിരാണ്....സാമ്രാജ്യത്വമെന്നത് മുതലാളിത്തത്തിന്റെ പരമോന്നത ഘട്ടമാണ്. എന്നാൽ ജമാഅത്തെ ഇസ്‌ലാമിയടക്കമുള്ള ഇസ്‌ലാമിക രാഷ്ട്രീയക്കാർ മുതലാളിത്തത്തിനെതിരല്ല. സാമ്പത്തികമായ അസമത്വമെന്നത് ദൈവനിശ്ചയമാണെന്നും അതിൽ അസ്വാഭാവികമായി ഒന്നും തന്നെ ഇല്ലെന്നുമാണ് അവരുടെ നിലപാട്....ജമാഅത്തെ ഇസ്‌ലാമി തന്നെ ഇന്ത്യയിലെ മുഖ്യ കമ്യൂണിസ്റ്റ് പ്രസ്ഥാനമായ സി.പി.എമ്മിനെ പിന്തുണക്കുന്നതല്ല. മറിച്ച് അതിനെ ശിഥിലീകരിക്കാനുതകും വിധം വളർന്നുവരുന്ന സ്വത്വരാഷ്ട്രീയവാദികളെ പിന്തുണക്കാനും അവരെ ശാക്തീകരിക്കുക വഴി തങ്ങളുടെ നേതൃത്വത്തിൽ ഒരു ഇസ്‌ലാമിക-ദളിത്-ആദിവാസി പ്രസ്ഥാനത്തെ രൂപപ്പെടുത്താനുമാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.



ഹോബ്സ്ബാം

അതുകൊണ്ട് തന്നെ ജമാഅത്തെ ഇസ്‌ലാമി അടക്കമുള്ള ഇസ്‌ലാമിക രാഷ്ട്രീയക്കാർ എടുക്കുന്ന സാമ്രാജ്യത്വ വിരുദ്ധ നിലപാടുകളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതോടൊപ്പം തന്നെ വർഗരാഷ്ട്രീയം രൂപപ്പെടുന്നതിലും വളർന്നുവരുന്നതിലും അവർ കാണിക്കുന്ന അസഹിഷ്ണുതയെയും വിദ്വേഷത്തെയും കമ്യൂണിസ്റ്റുകാർക്ക് തുറന്നെതിർക്കാതിരിക്കുവാനാവില്ല'. 'തീകൊള്ളികൊണ്ട് തലചൊറിയുന്ന ലീഗ് നേതൃത്വം' എന്ന തലക്കെട്ടിൽ സി. ദാവൂദ് *മാധ്യമം* ദിനപത്രത്തിലെഴുതിയ ലേഖനത്തിലെ ഒരു പരാമർശത്തെ വിശകലനം ചെയ്ത് കെ.എ വേണുഗോപാൽ *ചിന്ത* വാരികയിൽ എഴുതിയ ലേഖനത്തിൽ നിന്ന് (2010 മാർച്ച് 26). 'സംശയലേശമന്യെ എപ്പോഴും നീതിയുടെ പക്ഷത്ത് നിൽക്കുക എന്നതാണ് ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ ഏറ്റവും ശക്തമായ അന്തർധാര. വിട്ടുവീഴ്ചയില്ലാത്ത നൈതികതയും അനീതിക്കെതിരായ നിരന്തര സമരവും അതിന്റെ ജനിതക സ്വഭാവമാണ്' എന്ന *മാധ്യമം* ലേഖനത്തിലെ പരമാർശമാണ് വേണുഗോപാലിനെ സൈദ്ധാന്തിക പരവശനാക്കിയിരിക്കുന്നത്. ഇസ്‌ലാമിന് അങ്ങനെയൊരു നൈതികതയുണ്ടാവാൻ സാധ്യമല്ല; കാരണം അത് മതപരമായ നൈതികതയാണ് എന്ന നൂറ്റാണ്ട് പിന്നിട്ട കമ്യൂണിസ്റ്റ് അന്ധവിശ്വാസം തന്നെയാണ് അദ്ദേഹത്തിന്റെ സൈദ്ധാന്തിക ലേഖനത്തിന്റെയും അടിസ്ഥാനം. മാർക്സിന്റെയും ഏംഗൽസിന്റെയും ബാലസാഹിത്യങ്ങളിൽ വരാത്തതും മതഗ്രന്ഥങ്ങളിൽ വന്നതുമായ കാര്യങ്ങൾ അക്കാരണങ്ങൾ കൊണ്ട് തന്നെ പഠിക്കാനോ വിശകലനം ചെയ്യാനോ കഴിയാത്ത ഇടതുദൗർബല്യത്തിന്റെ ഒരു ഉദാഹരണം മാത്രമാണ് ഈ ലേഖനവും.

ഇനി, ലോകപ്രശസ്ത ബ്രിട്ടീഷ് മാർക്സിസ്റ്റ് ചിന്തകനായ എറിക് ഹോബ്സ്ബാമിലേക്ക് വരാം. 'ജ്ഞാനോദയ തത്വശാസ്ത്രങ്ങളുടെ തകർച്ച, തീർച്ചയായും, മതാത്മക രാഷ്ട്രീയത്തിനും ദേശീയതയുടെ മതാത്മക പതിപ്പുകൾക്കും കൂടുതൽ വ്യക്തമായ രാഷ്ട്രീയ മാനങ്ങൾ നൽകുകയുണ്ടായി. എല്ലാ മതങ്ങളിലും വലിയൊരു ഉയിർപ്പുണ്ടായി എന്ന് എനിക്ക് തോന്നിയിട്ടില്ല. പലതിന്റെയും ഗതിയും താഴോട്ടാണ്. ലാറ്റിൻ അമേരിക്കയിൽ പോലും, റോമൻ കത്തോലിക്ക മതം, പ്രൊട്ടസ്റ്റന്റ് മതവിഭാഗങ്ങളുമായി തീവ്രമായി പൊരുതിക്കൊണ്ടിരിക്കുകയാണ്. അത് നിലനിൽക്കുന്നത് ആഫ്രിക്കയിൽ മാത്രമാണ് എന്ന് എനിക്കുറപ്പാണ്. അതും പ്രാദേശീയ വഴക്കങ്ങൾക്കും ആചാരങ്ങൾക്കും വേണ്ടത്ര ഇടം നൽകിക്കൊണ്ട്. ഇവാഞ്ചലിക്കൽ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ വളരുകയാണ്. പക്ഷേ, മേലോട്ട് നീങ്ങുന്ന ന്യൂനപക്ഷ സമൂഹം എന്നതിൽ കഴിഞ്ഞ് അവയുടെ പ്രസക്തി എന്തെന്ന് വ്യക്തമല്ല. ഇസ്രയേലിൽ ഇത്ര മാരകമായി വർത്തിക്കുന്ന ജൂത മൗലികവാദം ഒരു മഹാപ്രതിഭാസമാണെന്ന് തോന്നുന്നില്ല. ഈ തരംഗത്തിൽ ഒരു മാറ്റമുള്ളത് ഇസ്‌ലാമിന്റെ കാര്യത്തിലാണ്. അത് ഏതെങ്കിലും തരത്തിലുള്ള മിഷിനറി പ്രവർത്തനങ്ങൾ ഇല്ലാതെ തന്നെ കഴിഞ്ഞ ചില നൂറ്റാണ്ടുകൾക്കിടയിൽ വ്യാപിച്ചുകൊണ്ടേയിരിക്കുന്നു. ഖലീഫാ ഭരണം പുനഃസ്ഥാപിക്കാനായി ഇന്ന് നടത്തുന്ന ഭീകര പ്രവർത്തനങ്ങളിൽ ഇസ്‌ലാമിനകത്തെ ഒരു ചെറിയ വിഭാഗത്തിനപ്പുറം ഉള്ളവർക്ക് പങ്കാളിത്തമുണ്ട് എന്ന് കരുതാനാവില്ല. ഇസ്‌ലാമിനകത്ത് വ്യാപനത്തിനുള്ള ശേഷി വളരെ അധികമായി ഇനിയും ഉണ്ടെന്ന് ഞാൻ കരുതുന്നു. അതിന് പ്രത്യേകിച്ച് ഒരു കാരണവുമുണ്ട്. മറ്റാരെയും പോലെ തന്നെയാണ് തങ്ങളും എന്ന ഒരു ബോധം, ദരിദ്രരിൽ അത് ഉളവാക്കുന്നു. എല്ലാ മുസ്‌ലിംകളും തുല്യരാണെന്ന ഒരു ബോധം. താൻ മറ്റാരെയും പോലെയാണെന്ന് ഒരു ക്രിസ്ത്യാനിയും കരുതുന്നില്ല. ക്രിസ്ത്യൻ അധിനിവേശികളെ പോലെ തന്നെയാണ് തങ്ങൾ എന്ന് ഏതെങ്കിലും ഒരു കറുത്ത ക്രിസ്ത്യൻ കരുതുമോ? പക്ഷേ, കറുത്ത മുസ്‌ലിംകൾ അങ്ങിനെ തന്നെയാണ് കരുതുക. സമത്വവാദത്തിൽ അധിഷ്ഠിതമാണ് ഇസ്‌ലാമിന്റെ ഘടന. അതിൽ അക്രമണോത്സുകത കൂടുതലാണ്. ബ്രസീലിലെ അടിമക്കച്ചവടക്കാർ മുസ്‌ലിം അടിമകളെ കൊണ്ടുവരുന്നത് നിറുത്തുകയുണ്ടായി എന്ന ഞാൻ വായിച്ചിട്ടുണ്ട്. അവർ എപ്പോഴും കലാപങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. സമത്വത്തിനായുള്ള മറ്റ് ആഹ്വാനങ്ങളെ സ്വീകരിക്കാൻ ദരിദ്രരായ അനുയായികളെ വിമുഖരാക്കുന്ന ഒരു തലം ഇസ്‌ലാമിനകത്തുണ്ട്. ഇസ്‌ലാമിൽ നിന്നും അണികളെ മാറ്റിയെടുക്കുക എന്നത് കഴിയുന്ന കാര്യമല്ലെന്ന് ഇസ്‌ലാമിക ലോകത്തെ പുരോഗമനവാദികൾക്ക് അറിയാമായിരുന്നു. ഒരു പക്ഷെ, ലോകത്ത് വിജയകരമായി ഇത് നടപ്പിലാക്കിയവർക്കിടയിൽ പോലും അവർക്കതിന് തന്ത്രങ്ങൾ ഉപയോഗിക്കേണ്ടിവന്നു'. (*ന്യൂലെഫ്റ്റ് റിവ്യൂ*വിന്റെ പുതിയ ലക്കത്തിൽ വന്ന ഹോബ്സ്ബാമുമായുള്ള ലേഖനത്തിന്റെ വിവർത്തനത്തിൽ നിന്ന്; വിവർത്തനം പി.എസ് മനോജ് കുമാർ, *സമകാലിക മലയാളം* വാരിക, 26 മാർച്ച് 2010) അനീതക്കെതിരായ, സമത്വത്തിന് വേണ്ടിയുള്ള ഒടുങ്ങാത്ത സമരബോധം എന്ന ഇസ്‌ലാമിന്റെ

ജനിതക സ്വഭാവത്തെക്കുറിച്ച് ഹോബ്സ്ബാം പറഞ്ഞതിൽ നിന്ന് *ചിന്ത* ലേഖകന് വല്ലതും മനസ്സിലായിട്ടുണ്ടാവുമോ ആവോ?

## ഇത് ആരുടെ മാതൃഭൂമി?

'കോഴിക്കോട്ടെ ചാലപ്പുറം ഗാംങ് എന്നറിയപ്പെടുന്ന കോൺഗ്രസ് ആർ.എസ്.എസുകാർക്ക് വേണ്ടി *മാതൃഭൂമി* നിലകൊണ്ടപ്പോൾ അബ്ദുറഹ്മാൻ സാഹിബും ഇ. മൊയ്തു മൗലവിയുമൊക്കെ പൂർണമായും തഴയപ്പെട്ടു. ആ ഒറ്റപ്പെടൽ സൃഷ്ടിച്ച വ്യഥയിൽ നിന്നാണ് *അൽ അമീൻ* പിറക്കുന്നത്. കോൺഗ്രസിലെ ചേരിപ്പോരുകൾ രൂക്ഷമായ ഘട്ടങ്ങളിലെല്ലാം അതിന് വർഗീയമാനം നൽകാനും സവർണരെ വിജയിപ്പിക്കാനും *മാതൃഭൂമി* അരങ്ങിലും അണിയറയിലും നടത്തിയ കളികൾ അക്കാലത്ത് സംസാരവിഷയമായിരുന്നുവത്രെ. തളിക്ഷേത്ര സംഘർഷം, മലപ്പുറം ജില്ലാ രൂപവത്കരണം, കാലിക്കറ്റ് യൂനിവേഴ്സിറ്റി സ്ഥാപനം, ഗുരുവായൂർ തീവെപ്പ്, നിലക്കൽ പ്രശ്നം തുടങ്ങിയ വിഷയങ്ങളിലെല്ലാം കടുത്ത പക്ഷപാതിത്വവും ന്യൂനപക്ഷ വിരുദ്ധവുമായ നിലപാട് സ്വീകരിച്ച് പത്രം സാമുദായിക സംഘർഷത്തിന്റെ എരിതീയിൽ എണ്ണയൊഴിക്കാനും വർഗീയത ആളിക്കത്തിക്കാനും മടികാണിച്ചിരുന്നില്ല. വിഭജനത്തിന് തൊട്ടുപിറകെ സംഭ്രാന്തിയിലും ആശങ്കയിലും കഴിഞ്ഞ മുസ്‌ലിം സമൂഹത്തിന് സാന്ത്വന സ്പർശം നൽകുന്നതിന് പകരം അവരെ വേട്ടയാടുന്ന സമീപനമാണ് പത്രം കൈക്കൊണ്ടത്. മലപ്പുറത്തെ മാപ്പിളമാർ മാപ്പിളസ്ഥാനെക്കുറിച്ചാണ് സ്വപ്നം കാണുന്നതെന്നും താനൂർ കടപ്പുറത്ത് നിന്ന് കറാച്ചിയിലേക്ക് കപ്പലോടുന്ന കാലം അതിവിദൂരമല്ലെന്നും പതിവായി എഴുതിപ്പിടിപ്പിച്ചു. മുസ്‌ലിം ലീഗിനെ കോൺഗ്രസുമായി അടുപ്പിക്കാൻ ഏതെങ്കിലും കോണിൽ നീക്കം നടക്കുമ്പോഴേക്കും മതേതരത്വത്തിന്റെ കാവൽപട്ടിയായി *മാതൃഭൂമി* കുരച്ചുചാടുമായിരുന്നു. പാർട്ടിയെ സഖ്യത്തിലെടുക്കണമെന്നാവശ്യപ്പെട്ട് ഖാഇദെ മില്ലത്ത് ഇസ്മായിൽ സാഹിബ് അന്നത്തെ കോൺഗ്രസ് അഖിലേന്ത്യാ സാരഥി കാമരാജിനെ സമീപിച്ചപ്പോൾ തങ്ങളുടെ നിസ്സഹായത പ്രകടിപ്പിച്ചത് 'കേശവ മേനോന്റെ പത്രത്തിൽ നിന്ന് എതിർപ്പ് ശക്തമാവും' എന്നു പറഞ്ഞുകൊണ്ടായിരുന്നുവെന്ന് *പ്രൈസ് ഓഫ് ഫ്രീഡം* എന്ന പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഹൈദരാബാദ് പട്ടാള ഇടപെടൽ കാലത്ത് പാണക്കാട് പി.എം.എസ്.എ പൂക്കോയ തങ്ങളെ അറസ്റ്റ് ചെയ്തപ്പോൾ അതിനെ സ്വാഗതം ചെയ്യുന്ന തരത്തിലാണ് *മാതൃഭൂമി* മുഖപ്രസംഗമെഴുതിയത്. മലപ്പുറം ജില്ല നിലവിൽ വന്നാൽ അത് മറ്റൊരു പാകിസ്ഥാനായി മാറുമെന്നു വരെ എഴുതിപ്പിടിപ്പിച്ചു' (വായനക്കാരനെ ഹഡ്സടിക്കുമ്പോൾ, ശാഹിദ്, *രിസാല* വാരിക 26 മാർച്ച്)

ഇതാണ് *മാതൃഭൂമി*യുടെ ചരിത്രം. കെ.പി കേശവ മേനോനിൽ നിന്ന് സകലകലാ വല്ലഭനും പത്തരമാറ്റ് മതേതരവാദിയുമായ എം.പി വീരേന്ദ്രകുമാറിലെത്തിയിട്ടും ആ പത്രത്തിന് വിശേഷിച്ച് മാറ്റമൊന്നുമുണ്ടായിട്ടില്ല. അന്ന് പൂക്കോയ തങ്ങളും ലീഗ് നേതാക്കളുമായിരുന്നു ടാർഗറ്റ് എങ്കിൽ ഇന്ന് സൂഫിയ മഅ്ദനിയും മറ്റ് മുസ്‌ലിം സംഘടനകളും ഇസ്‌ലാമിക സംസ്കാരം തന്നെയുമാണ് ഉന്നം. ചരിത്രബോധം തരിമ്പുമില്ലാത്ത, അങ്ങനെയൊരു സാധനം എന്തെന്നുപോലും കേട്ടിട്ടില്ലാത്ത ന്യൂ ജനറേഷൻ ലീഗ് നേതൃത്വമാകട്ടെ, അതേ *മാതൃഭൂമി*യുടെ താളുകളിലൂടെ തന്നെയാണ് *മാതൃഭൂമി*യുടെ വിഷം നിറഞ്ഞ മുസ്‌ലിം വിരുദ്ധ അജണ്ടകൾ ഇന്ന് അഹമഹമികയാ നടപ്പാക്കിക്കൊടുത്തു കൊണ്ടിരിക്കുന്നത്.

*മാതൃഭൂമി*യുടെ ചരിത്രവും ഇരുണ്ട അറകളും വിശദമാക്കുന്ന മൂന്ന് പ്രൗഢമായ ലേഖനങ്ങളുമായാണ് *രിസാല* വാരിക മാർച്ച് 26 ലക്കം പുറത്തിറങ്ങിയിരിക്കുന്നത്. 'അൽ അമീനല്ല മാതൃഭൂമി' (എം. റഷീദ്) 'കളഞ്ഞുപോയ നീലപ്പെൻസിൽ' (എ.ജെ ജയറാം), 'വായനക്കാരനെ ഹഡ്സടിക്കുമ്പോൾ' (ശാഹിദ്). ഒപ്പം നുഐമാൻ എം.പി വീരേന്ദ്രകുമാറുമായി നടത്തിയ അഭിമുഖവും. *മാതൃഭൂമി*യുടെ വർഗീയ അജണ്ട തിരിച്ചറിയാനുള്ള നല്ലൊരു കൈപുസ്തമാകാൻ കഴിയും ഈ ലക്കത്തിന്.

## തീവ്രവാദ പട്ടിക നീളുന്നു

മുസ്‌ലിംകളിൽ ആരൊക്കെയാണ് തീവ്രവാദികൾ എന്ന് കണ്ടെത്തി ഇനം തിരിച്ച് അവരെക്കുറിച്ച് ഭീകര കഥകൾ മാലോകർക്ക് പറഞ്ഞുകൊടുക്കുക എന്നതാണ് കേരളത്തിലെ സലഫി പ്രസ്ഥാനം അടുത്ത കാലത്തായി നിർവഹിച്ചുകൊണ്ടിരിക്കുന്ന സുപ്രധാന ധർമങ്ങളിലൊന്ന്. അവരുടെ വിദ്യാർഥി സംഘടന ഈയിടെ നടത്തിയ പ്രഫഷനൽ വിദ്യാർഥികളുടെ സംഗമത്തിലെ

മുഖ്യ ഐറ്റം ഈ തീവ്രവാദികളെ എങ്ങനെ കഷ്ണം കഷ്ണമാക്കി ഉപ്പേരിവെച്ചു കളയാം എന്നതിനെക്കുറിച്ച കലാപരിപാടികളായിരുന്നു. ജമാഅത്തെ ഇസ്‌ലാമിയെയും മൗദൂദിയെയും അണ്ഡകടാഹ ഭീകര കോമരങ്ങളായി അവതരിപ്പിക്കുന്ന പ്രഭാഷണങ്ങൾ അരങ്ങുതകർത്തപ്പോൾ സമ്മേളന പ്രതിനിധികൾ തന്നെ ഇടപെടുകയും പ്രതിഷേധിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടായി. തീവ്രവാദത്തിനെതിരെയുള്ള പോരാട്ടത്തിൽ എന്നാൽ യാതൊരു വിട്ടുവീഴ്ചക്കും ഈ സലഫു സ്സാലിഹീങ്ങൾ തയാറല്ല. അവസാനം ഖാദിയാനികളുമായിപ്പോലും (അഹ്മദീയ ജമാഅത്ത്) ഈ വിഷയത്തിൽ അവർ സഹകരിക്കുന്നതായ വാർത്തകൾ വന്നു. ഖാദിയാനീ വക്താക്കൾ തന്നെ അത്തരം വെളിപ്പെടുത്തലുകൾ നടത്തി മാസങ്ങൾ പിന്നിട്ടെങ്കിലും ഒരു നിഷേധക്കുറിപ്പ് പോലും അവരുടെ ഭാഗത്ത് നിന്നുണ്ടായതുമില്ല.

അങ്ങനെയിരിക്കെയാണ് ഇസ്‌ലാമിക തീവ്രവാദത്തിനെതിരെ മധ്യതിരുവിതാംകൂറിലെ സത്യക്രിസ്ത്യാനികൾക്ക് വെളിപാടുണ്ടാവുന്നത്. പ്രവാചകനെ സ്ത്രീലമ്പടനായും മുസ്‌ലിംകളെ മൊത്തം തീവ്രവാദികളായും ചിത്രീകരിക്കുന്ന ഒരു പുസ്തകം വ്യാപകമായി വിതരണം ചെയ്തത് വമ്പിച്ച കോലാഹലങ്ങൾ ഉണ്ടാക്കി. സർക്കാർ പുസ്തകം നിരോധിച്ചു, വിതരണം ചെയ്തവരിൽ ചിലരെ പൊക്കി അകത്തിട്ടു.

ഇനി, പുസ്തകത്തിന്റെ കാഴ്ചപ്പാടിലെ തീവ്രവാദികൾ ആരൊക്കെയാണ് എന്ന് കാണാം. 'ഇന്നും ഭാരതത്തിന്റെ മുഴുവൻ തോരാത്ത കണ്ണുനീരാണ് ഇസ്‌ലാമിക തീവ്രവാദം. ജിഹാദ് എന്ന പേരിൽ അഹമ്മദീയ ജമാഅത്ത്, അൽ ഖായിദ, ഇന്ത്യൻ മുജാഹിദീൻ, സിമി, ലഷ്കറെ തയ്യിബ, എന്നീ സംഘടനകൾ ലോകത്തിൽ ശക്തിപ്പെടുമ്പോൾ ലോകം ഭീതിയോടും പുച്ഛത്തോടുമാണ് മുസ്‌ലിംകളെ വീക്ഷിക്കുന്നത്. അതേ ദൃഷ്ടികളാണ് ഗുജറാത്തിലുള്ള മുസ്‌ലിം സഹോദരങ്ങളെ നശിപ്പിക്കുവാൻ നരേന്ദ്ര മോഡി ഗവൺമെന്റിനുണ്ടായത്'. (ചിൻവാദ് പാലം, മുഖവുര, പേജ് 10). പുസ്തകം എന്തിനുവേണ്ടിയാണ് എന്നു ഗ്രന്ഥകാരൻ പറയുന്നുണ്ട്. അതിങ്ങനെ: 'അനുവാചകരായ ബൈബിൾ വിദ്യാർഥികളുടെയും സുവിശേഷ പ്രവർത്തകരുടെയും സാഹചര്യങ്ങൾക്ക് പരിവർത്തനം ഉണ്ടാക്കുന്ന പ്രാർഥന, എം.എം അക്ബർ മുതലായ തീവ്രവാദികളുടെ ഹൃദയ രൂപ വൽക്കരണത്തിനുതകട്ടെ' (പേജ് 12). നേരത്തെ സൂചിപ്പിച്ച പ്രഫഷനൽ വിദ്യാർഥി സമ്മേളനത്തിൽ തീവ്രവാദത്തിനെതിരെ പട നയിച്ച അതേ പ്രഭാഷകനാണ് പശ്ചാത്യ ഫണ്ടിംഗ് ഏജൻസികളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ക്രിസ്ത്യൻ ഗ്രൂപ്പുകളുടെ കണ്ണിൽ ഇപ്പോൾ തീവ്രവാദിയായിരിക്കുന്നത്! തീവ്രവാദത്തെക്കുറിച്ച് പടിഞ്ഞാറൻ മാധ്യമങ്ങളും ബുദ്ധിജീവികളും പടച്ചുവിടുന്ന വിവരക്കേടുകൾ എൽ.സി.ഡിയാക്കി തീവ്രവാദ വിരുദ്ധ ജിഹാദെന്ന പേരിൽ സഹോദര സംഘടനകൾക്കെതിരെ അപവാദം പ്രചരിപ്പിക്കുന്നവർക്ക് ഈ അജണ്ടകൾ തിരിച്ചറിയാൻ ശേഷിയുണ്ടാവുമോ? ■